(സി) ഒരു രോഗിക്ക് ശരാശരി ആവശ്യമായ കലോറി ഭക്ഷണം എത്രയാണ് ; ഇപ്പോൾ എത്ര കലോറി ഭക്ഷണമാണ് രോഗികൾക്ക് കൊടുക്കുന്നത് ; ഇവ ഏതെല്ലാം സമയത്താണ് ;

(ഡി) ഇപ്പോൾ സൗജന്യമായി രോഗികൾക്ക് മതിയാകുംവിധം ഭക്ഷണം വിതരണം നടത്തുന്ന ഏതെല്ലാം താലൂക്ക്, ജില്ലാ ആശുപത്രികൾ കേരളത്തിലുണ്ട് ;

(ഇ) ഗവൺമെന്റ് ആശുപത്രികളിൽ രോഗികൾക്ക് ആവശ്യമായ ഭക്ഷണം കൊടുക്കുമെന്ന് ഉറപ്പുവരുത്താമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സാധാരണ പ്രവർത്തിയിൽ ഏർപ്പെടുന്ന ഒരു പുരുഷന് 2800 കിലോ കലോറിയും സ്ത്രീക്ക് 2200 കിലോ കലോറിയും അടങ്ങിയ ഭക്ഷണമാണ് ആവശ്യമായിട്ടുള്ളത്. എന്നാൽ ഒരു രോഗിക്ക് ഇതിലും കുറച്ച് കലോറിയുള്ള ഭക്ഷണം മതിയാവും. 1600 കിലോ കലോറിയുള്ള ഭക്ഷണമാണ് ഇപ്പോൾ സാധാരണ ആശുപത്രികളിൽ നൽകിവരുന്നത്. ദിവസവും 11 മണിക്കാണ് ഇത് നൽകുന്നത്. എന്നാൽ സ്പെഷ്യൽ ഡയറ്റ് ഉള്ള ആശുപത്രികളിൽ (മാനസികരോഗാശുപത്രി) രാവിലെ 6 മണി, 7.30, 9.30, 10.30 എന്നീ സമയങ്ങളിലും ഉച്ചയ്ക്ക് 1 മണി, വൈകുന്നേരം 3.30, 6 മണി എന്നീ സമയങ്ങളിലും ഭക്ഷണം നൽകി വരുന്നുണ്ട്.

(ഡി) കേരളത്തിലെ താലൂക്ക് ജില്ലാ ആശുപത്രികളിൽ കിടത്തി ചികിത്സിക്കുന്ന താഴ്ന്ന വരുമാനമുള്ള രോഗികൾക്ക് റൊട്ടി, മുട്ട, പാൽ, ബിസ്കറ്റ് എന്നിവ ഉൾപ്പെടുന്ന ഭക്ഷണം നൽകിവരുന്നുണ്ട്.

(ഇ) താഴ്ന്ന വരുമാനക്കാരായ രോഗികൾക്ക് നൽകിവരുന്ന ഭക്ഷണം തുടർന്നും നൽകുന്നതാണ്.

ശാസ്ത്ര സ്ഥാപനങ്ങൾക്ക് ധനസഹായം നേടിയെടുക്കുന്നതിന് നിലവിലുള്ള സംവിധാനം

22 (*425) ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ വിവിധ ശാസ്ത്ര സ്ഥാപനങ്ങൾക്ക് പദ്ധതികൾ തയ്യാറാക്കുന്നതിനും വിവിധ ഏജൻസികളിൽ നിന്ന് ധന സഹായം നേടിയെടുക്കുന്നതിനും ഇപ്പോൾ എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവ അപര്യാപ്തമാണെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിനായി ശാസ്ത്ര ഗവേഷണ കൺസൾട്ടന്റുമാരുടെ കൺസോർഷ്യം രൂപീകരിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) ഇല്ലെങ്കിൽ കൺസോർഷ്യം രൂപീകരിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ എന്നതിനെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) കേരളത്തിലെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ ഏഴു ഗവേഷണ സ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. ഭൗമശാസ്ത്ര പഠനകേന്ദ്രം ആക്കുളം, അനർട്ട് തിരുവനന്തപുരം, ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പാലോട്, തിരുവനന്തപുരം, കേരള വനഗവേഷണ കേന്ദ്രം, പീച്ചി, തൃശൂർ, നാഷണൽ ട്രാൻസ്പോർട്ടേഷൻ ആന്റ് റിസർവ്വ് സെന്റർ (നാറ്റ്പാക്ക്), തിരുവനന്തപുരം, രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, തിരുവനന്തപുരം, സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ്, കോഴിക്കോട് എന്നിവയാണ്. മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ പദ്ധതികൾ തയ്യാറാക്കുന്നതിനും വിവിധ ഏജൻസികളിൽ നിന്നു ധനസഹായം നേടിയെടുക്കുന്നതിനും ശാസ്ത്രജ്ഞന്മാർ ഗവേഷണ പ്രബന്ധങ്ങൾ തയ്യാറാക്കി അതാത് സ്ഥാപനങ്ങളിലെ ഗവേഷണ സമിതിയിൽ അവതരിപ്പിക്കുകയും ഈ സമിതിയുടെ അംഗീകാരത്തിനു വിധേയമായി ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുകയുമാണ് ചെയ്യുന്നത്. ഓരോ ഗവേഷണ സ്ഥാപനത്തിന്റേയും പദ്ധതികൾ തയ്യാറാക്കുന്നത് സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്†. കൂടാതെ കേന്ദ്ര സർക്കാരിന്റേയും സർവ്വകലാശാലകളുടേയും കീഴിലും അനേകം സ്ഥാപനങ്ങളുണ്ട്. ഇവിടെയും ശാസ്ത്രജ്ഞർ അതത് സ്ഥാപനങ്ങളുടെ സംവിധാനങ്ങൾക്ക് വിധേയമായി ഗവേഷണ പ്രൊപ്പോസലുകൾ ഫണ്ടിംഗ് ഏജൻസികൾക്ക് സമർപ്പിക്കുന്നുണ്ട്.

(ബി) ഇല്ല.

(സി) ഇല്ല

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) കൺസോർഷ്യം രൂപീകരിക്കുന്നതു സംബന്ധിച്ച് നടപടികൾ ആയിട്ടില്ല. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും ഗവേഷണ പ്രവർത്തനങ്ങളുടെ ദിശയും വ്യാപ്തിയും നിർണ്ണയിക്കുവാനുമായി ബന്ധപ്പെട്ട മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി ഗവേഷണ സമിതി രൂപീകരിച്ചിട്ടുണ്ട്.

---

† അനുബന്ധം - I

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം - I

[8-7-2003-ലെ നക്ഷത്രചിഹ്നമിട്ട ചോദ്യം 22 (*425) കാണുക]

കേരള ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിലുള്ള ഗവേഷണ സ്ഥാപനങ്ങളിലെ പദ്ധതികൾ തയ്യാറാക്കുന്നതു സംബന്ധിച്ച വിശദവിവരം

അനർട്ട്

പദ്ധതികൾ തയ്യാറാക്കുന്നതിനും കേന്ദ്ര ഗവൺമെന്റിൽ നിന്ന് സഹായം നേടിയെടുക്കുന്നതിനും ഐ.ആർ.ഇ. പി. ആഫീസുകൾ പ്രവർത്തിക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം ലഭിക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും പ്രോജക്ട് ഓഫീസുകളിൽ ഉണ്ട്. സാങ്കേതികമായി ഇന്ത്യയിലെ മറ്റു നോഡൽ ഏജൻസികളേക്കാൾ മികച്ച നിലവാരം പുലർത്തുന്ന സംവിധാനമാണിത്.

കേരള വനഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്

ഇവിടെ വുഡ് സയൻസ്, പ്ലാന്റ് ഫിസിയോളജി പ്ലാന്റ്, പാത്തോളജി ബോട്ടണി, അഗ്രോഫോറസ്ട്രി, സോയിൽ സയൻസ്, ജനറ്റിക്, വൈൽഡ് ലൈഫ് ബയോളജി എന്റമോളജി, സിൽവി കൾച്ചർ, എക്സ്റ്റൻഷൻ (വിജ്ഞാന വ്യാപരം), ഫോറസ്റ്റ് സ്റ്റാറ്റിസ്റ്റിക്സ്, ഫോറസ്റ്റ് എകണോമിക്സ് എന്നീ ശാസ്ത്ര വിഭാഗങ്ങളിൽ പ്രവൃത്തിക്കുന്ന ശാസ്ത്രജ്ഞന്മാർ തന്നെയാണ് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുന്നത്. പ്രസ്തുത പദ്ധതി നിർദ്ദേശങ്ങൾ പൊതുവിൽ ദേശീയ തലത്തിലും പ്രത്യേകിച്ച് സംസ്ഥാന തലത്തിലുള്ള ശാസ്ത്ര-ഗവേഷണ മുൻഗണനകൾ ഉറപ്പാക്കിക്കൊണ്ട് ഇൻസ്റ്റിറ്റ്യൂട്ട് തലത്തിൽ ക്രോഡീകരിച്ച ശേഷം ധനസഹായത്തിനായി വിവിധ ഏജൻസികൾക്ക് സമർപ്പിക്കുകയാണ് ചെയ്തു വരുന്നത്.

ഭൗമശാസ്ത്രപഠനകേന്ദ്രം

സംസ്ഥാനത്തെ ഒരു ശാസ്ത്ര സ്ഥാപനമായ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് വിവിധ പദ്ധതികൾ തയ്യാറാക്കുകയും കേന്ദ്ര സംസ്ഥാന ഏജൻസികൾക്ക് സാമ്പത്തിക സഹായത്തിനായി സമർപ്പിക്കുകയും ചെയ്യാറുണ്ട്. ഇതിൽ പല പദ്ധതികളും നടപ്പിലാക്കാനായി വിവിധ ഏജൻസികൾ സാമ്പത്തിക സഹായം ലഭ്യമാക്കുന്നുണ്ട്.

ട്രോപ്പിക്കൽ ബോട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (TBGRI)

പ്രാദേശിക തലത്തിലും, ദേശീയ തലത്തിലും, അന്തർദേശീയ തലത്തിലുള്ള പദ്ധതികൾ തയ്യാറാക്കുന്നതിനും, അത് ബന്ധപ്പെട്ട വിവിധ ഏജൻസികൾക്ക് സമർപ്പിച്ച് ധനസഹായം ലഭ്യമാക്കാനുമുള്ള സംവിധാനങ്ങൾ ഇന്ന് TBGRI-ൽ നിലവിലുണ്ട്. ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നിലവിൽ വന്നശേഷം TBGRI-ലെ ശാസ്ത്രജ്ഞന്മാർ തയ്യാറാക്കുന്ന പ്രോജക്ടുകൾ TBGRI-യ്ക്ക് വേണ്ടി രൂപീകരിക്കപ്പെട്ടിട്ടുള്ള ഗവേഷണ കൗൺസിലിന്റെ ഉപദേശക സമിതിയുടെ അംഗീകാരത്തോടെയാണ് ധനസഹായത്തിനായി വിവിധ ഏജൻസികൾക്ക് സമർപ്പിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (CWRDM)

ഈ സ്ഥാപനങ്ങളിൽ ഇപ്പോൾ 183 ലക്ഷം രൂപയുടെ പദ്ധതികൾ വിവിധ കേന്ദ്ര അന്തർദ്ദേശീയ വകുപ്പുകളുടെയും ഏജൻസികളുടെയും ധനസഹായത്തോടെ നടത്തി വരുന്നുണ്ട്. ഇത്തരത്തിലുള്ള പദ്ധതികൾ ലഭ്യമാക്കുന്നതിന് ഈ സ്ഥാപനത്തിന്റെ ശാസ്ത്രസഭ വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകുന്നു. ഈ ശാസ്ത്ര സഭയിൽ ഈ വിഷയത്തിൽ രാജ്യത്തെ പ്രഗത്ഭരായ ശാസ്ത്രജ്ഞന്മാരാണ് ഉള്ളത്. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റും ഈ സ്ഥാപനത്തിന് ധനസഹായം ലഭിക്കുന്നതിന് വേണ്ടിയുള്ള സഹായങ്ങൾ ചെയ്തു തരുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും ഏജൻസികളിൽ നിന്നും ഗവേഷണത്തിനും വികസനത്തിനുമായി ധനസഹായം കേരള സർക്കാരിന് ലഭിക്കാൻ ചില പദ്ധതികൾ ഈ കേന്ദ്രം ആവിഷ്കരിച്ചിട്ടുണ്ട്. ഇവയിൽ "അട്ടപ്പാടി പരിസ്ഥിതി പുനർജ്ജീവന പദ്ധതി", "അഷ്ടമുടി-ശാസ്താംകോട്ട മാനേജ്മെന്റ് ആക്ഷൻ പ്ലാൻ" എന്നിവ പ്രാധാന്യം അർഹിക്കുന്നു.

രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി

ഈ സെന്ററിലെ ശാസ്ത്രജ്ഞൻ തയ്യാറാക്കുന്ന പദ്ധതികൾ കേന്ദ്ര സംസ്ഥാന ശാസ്ത്ര ഗവേഷണ ഏജൻസികളായ ഡി.ബി.റ്റി., ഡി.എസ്.റ്റി., ഐ.സി.എ.ആർ., ഐ.സി.എം.ആർ., സ്റ്റെക്ക് എന്നിവിടങ്ങളിൽ സമർപ്പിക്കുകയും ഇതിനനുസരിച്ച് കിട്ടുന്ന ധനസഹായങ്ങൾ പദ്ധതി നടത്തിപ്പിനുവേണ്ടി ചെലവിടുകയും ചെയ്യുന്നു.

അനുബന്ധം - II

[8-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം 81 (2204) കാണുക]

തിരുവനന്തപുരം നഗരസഭ ഈ വർഷം പ്രഖ്യാപിച്ച പദ്ധതികളും ഉദ്ദേശലക്ഷ്യങ്ങളും

1. ശുചിത്വ നഗരം സുന്ദര നഗരം

നഗരശുചീകരണം ഊർജ്ജിതമാക്കി നഗരത്തെ ചവർമുക്ത മേഖല ആക്കുകയാണ് ഉദ്ദേശ ലക്ഷ്യം.

2. ഹെർബൽ സിറ്റി

ആയുർവേദ ഔഷധങ്ങളുടെ ആവശ്യം കണക്കിലെടുത്ത് നഗരത്തിൽ ആയുർവേദ ഔഷധങ്ങൾ വെച്ചുപിടിപ്പിച്ച് ഒരു ഹെർബൽ സിറ്റി ആക്കുക. ആയതിന്റെ ആദ്യഘട്ടമായി വിളപ്പിൽശാല ജൈവവള ഫാക്ടറിയിൽ ഗ്രീൻബെൽറ്റ് നിർമ്മാണത്തിനായി നീക്കിവെച്ചിട്ടുള്ള സ്ഥലത്തും നഗരസഭ വക മറ്റ് സ്ഥലത്തും ഔഷധ സസ്യകൃഷി ആരംഭിക്കുക.

LIBRARY ARCHIVES Kerala Legislative Assembly